LIBRARY ARCHIVES Kerala Legislative Assembly

മടിക്കൈ പഞ്ചായത്തിലെ ഹോർത്തു മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

259 (4250) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ ഹോർത്തുമലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എന്തൊക്കെ വിദ്യാഭ്യാസാനുകൂല്യത്തിനാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്.

(ഡി) ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ്, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പ്രോജക്ട് അലവൻസ് എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ട്.

ഭൂരഹിതരമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം

260 (4251) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദവിവരം വെളിപ്പെടുത്താമോ ;

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച സംഖ്യ എത്രയാണെന്നും ഓരോ ജില്ലയ്ക്കും ലഭിക്കാവുന്ന സംഖ്യ എത്രയാണെന്നും വിശദീകരിക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ സർവ്വെ നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(ഇ) നടപ്പ് സാമ്പത്തിക വർഷം ഭ്രരഹിതരായ എത്ര പട്ടികവർഗ്ഗക്കാരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായതെന്ന് പറയാമോ ;

(എഫ്) നിലവിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ; പ്രസ്തുത പട്ടിക തയ്യാറാക്കപ്പെട്ടത് ഏതു മാനദണ്ഡ പ്രകാരമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്കുപ്രകാരം സംസ്ഥാനത്ത് ആകെ 10,517 ഭ്രരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) 2014-15 വർഷം ഭ്രരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓരോ ജില്ലയ്ക്കും അനുവദിച്ച സംഖ്യയുടെ വിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) നടപ്പ് സാമ്പത്തികവർഷം കാസർഗോഡ് ജില്ലയിൽ ആർക്കും ഭൂമി കൊടുത്തിട്ടില്ല. അതേസമയം ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം സംസ്ഥാനത്ത് 362 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(എഫ്) ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. ഭ്രരഹിത കുടുംബങ്ങളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയാണ് നിലവിൽ ചെയ്യുന്നത്. വാസയോഗ്യമായ ഭൂമിയാണെന്ന് കണ്ടെത്തിയാൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് വില നിർണ്ണയം നടത്തുന്നത്.

ചാലക്കുടി ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റി

261 (4252) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നതിനുമായി അടിയന്തര സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടിയിൽ വനവിഭവങ്ങളുടെ വില്പനശാല ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly